# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.02/10/P&SGRC

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
17/06/2024

## സർക്കുലർ

വിഷയം:- ഫൈനൽ എൻ.എൽ.സി അയയ്ക്കുന്നത് സംബന്ധിച്ച്.

സൂചന:- 09/03/2018-ലെ ROC.14351/15/Pen നമ്പർ ബോർഡ് ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം തസ്തികയിൽ നിന്നും വിരമിക്കുന്ന ജീവനക്കാർ വിരമിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ടിയാളുകളുടെ ഫൈനൽ എൻ.എൽ.സി തയ്യാറാക്കി അയയ്ക്കുന്നതിന് ഗ്രൂപ്പ് ആഫീസുകളിൽ നിന്നും / മറ്റ് ആഫീസുകളിൽ നിന്നും വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു.

കെ.എസ്.ആർ പാർട്ട് III നിയമപ്രകാരം സർവ്വീസിൽ നിന്നും വിരമിച്ച് 3 വർഷത്തിനകം ചുമതല ക്ലിയർ ചെയ്ത് ചുമതലാ വിവരം ചുമതലക്കാരെ അറിയിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി നടപടിക്രമം പല ആഫീസുകളിലും പാലിക്കാതെ വരുന്നതായും കണ്ടുവരുന്നു. ഇപ്രകാരം ചുമതലാ വിവരം യഥാസമയം അറിയിക്കാതെയും ഫൈനൽ എൻ.എൽ.സി തയ്യാറാക്കാതെയും വരുന്നിരുന്ന സാഹചര്യത്തിൽ വിരമിച്ച് വർഷങ്ങൾ കഴിഞ്ഞ് ഗ്രാറ്റുവിറ്റി അനുവദിക്കുന്നതിലേയ്ക്കായും ചുമതലയിൽ നിന്നും ഒഴിവാക്കുന്നതിനും പെൻഷണർമാർ ബഹു:കോടതിയെ സമീപിച്ച് ഹർജികൾ ഫയൽ ചെയ്യുന്നതായും അനുകൂല വിധികൾ സമ്പാദിച്ച് ചുമതല തുക പിടുത്തം വരുത്തുന്നതിന് വിസ്സമ്മതിക്കുകയും മുഴുവൻ ഗ്രാറ്റുവിറ്റി തുകയും ആയതിന് പലിശയും നൽകേണ്ടതായി വരുന്നതിനാൽ ഡിപ്പാർട്ട്മെന്റിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതിനും ആയത് ഡിപ്പാർട്ട്മെന്റിന്റെ സാമ്പത്തിക ഭദ്രത തകരുന്നതിനും ഇടയാക്കുന്നതാണ്.

നിലവിൽ സർവ്വീസിൽ നിന്നും വിരമിക്കുന്നവർ ആഡിറ്റ് തടസ്സവാദം ഉണ്ടാകുന്ന സാഹചര്യത്തിൽ ബോണ്ട് വച്ച് ഗ്രാറ്റുവിറ്റി അനുവദിക്കുന്നതിലേയ്ക്കായി സൂചന ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിൻ പ്രകാരം ഗ്രാറ്റുവിറ്റി തുക നൽകി വരുന്നു. ഇപ്രകാരം ഗ്രാറ്റുവിറ്റി തുക നൽകി വർഷങ്ങൾ കഴിഞ്ഞ് ആഡിറ്റ് പൂർത്തിയായിട്ടും ഫൈനൽ എൻ.എൽ.സി തയ്യാറാക്കി അയയ്ക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടുവരുന്നു.

മേൽ സാഹചര്യങ്ങളിൽ സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരുടെ സേവനകാലയളവിലെ ആഡിറ്റ് പൂർത്തിയായിട്ടുള്ള പക്ഷം അടിയന്തിരത്തിൽ തന്നെ ഫൈനൽ എൻ.എൽ.സി തയ്യാറാക്കി ചുമതലക്കാരെ വിവരം

(മറുപുറം..)

അറിയിക്കേണ്ടതും ഫൈനൽ എൻ.എൽ.സി മേലാഫീസിലേയ്ക്ക് അയയ്ക്കുന്നതിനും ആഫീസ് മേധാവികൾ ശ്രദ്ധിക്കേണ്ടതാണ്. ഇപ്രകാരം ഫൈനൽ എൻ.എൽ.സി തയ്യാറാക്കി അയയ്ക്കുന്നതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പ്തല അച്ചടക്കനടപടി സ്വീകരിക്കുന്നതുമാണ്.

ദേവസ്വം കമ്മീഷണർ
ഇൻ ചാർജ്ജ്
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. എല്ലാ ആഫീസ് മേധാവികൾക്കും
2. ഐ.റ്റി ഡിവിഷൻ
3. സെക്ഷൻ ഫയൽ
4. ഫെയർ ഓഫീസ് കോപ്പി

AR.